# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.571** **29.01.2019-ൽ മറുപടിക്ക്**

## ദുരിതാശ്വാസ നിധിയിലേക്ക് വൈദ്യുതി ബോർഡിന്റെ സംഭാവന

| | ചോദ്യം<br>ശ്രീ. അടൂർ പ്രകാശ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വൈദ്യുതി ബോർഡ് സംഭാവന നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അവരുടെ സ്വന്തം ഇഷ്ടപ്രകാരം സമാഹരിച്ച തുകയോടൊപ്പം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിഹിതവും കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്.<br>ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 20.08.2018-ലെ ഓഫീസ് ഓർഡർ നമ്പർ.330/2018/ACA/Relief fund/2018-19 പ്രകാരം 10.23 കോടി രൂപ വൈദ്യുതി ബോർഡിലെ ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സംഭാവനയായും 36.20 കോടി രൂപ വൈദ്യുതി ബോർഡിന്റെ സംഭാവനയായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ മാസ്റ്റർ ട്രസ്റ്റ് -(പെൻഷൻ)ൽ നിന്നുമുള്ള സംഭാവനയായ 2.57 കോടി രൂപയും നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നൽകിയ തുക വൈദ്യുതി ബോർഡിന്റെ ചെലവിനത്തിലാണോ വകകൊള്ളിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | മേൽപ്പറഞ്ഞ 36.20 കോടി രൂപ ബോർഡിന്റെ ചെലവായും 10.23 കോടി രൂപ ജീവനക്കാരിൽ നിന്നുള്ള സംഭാവനയുമായാണ് വകയിരുത്തിയിരിക്കുന്നത്. |
| (സി) | ഈ തുക നൽകിയതിലൂടെ വൈദ്യുതി ബോർഡിന് ഉണ്ടായ നഷ്ടം ഉപഭോക്താവിന്റെ പക്കൽ നിന്നും ഈടാക്കി പരിഹരിക്കുവാനാണോ ബോർഡ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംഭാവനയായി നൽകിയ തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കാമോ എന്നതു സംബന്ധിച്ച നിർദ്ദേശം ബോർഡിന്റെ പരിഗണനയിലില്ല. |

Hemalatha

സെക്ഷൻ ഓഫീസർ